3. സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

ആഗോള സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിന് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾക്ക് വിപണന സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഹരിയാലി പദ്ധതിയുടെ പുരോഗതി

9 (*489) ശ്രീ. എം. ചന്ദ്രൻ
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുമ്പള്ളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിയാലി പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പദ്ധതിപ്രകാരം സംസ്ഥാനത്തിന് എത്ര പ്രോജക്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) എല്ലാ പ്രോജക്റ്റുകൾക്കും രണ്ടാം ഗഡുവിനുള്ള കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതി പ്രവർത്തനംമൂലം എത്ര ഹെക്ടർ തരിശുഭൂമി വികസിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട് ;

(ഇ) നീർത്തട വികസന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തുമോ ;

(എഫ്) പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിനുള്ള കാരണം എന്താണ് ; പരിഹാര നടപടികൾ സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഹരിയാലി പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 26 ഹരിയാലി പ്രോജക്റ്റുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. എല്ലാ പ്രോജക്റ്റുകളും ആരംഭിച്ചുകഴിഞ്ഞു. 20 പ്രോജക്റ്റുകൾക്കു രണ്ടാം ഗഡു ലഭിച്ചു. കൂടാതെ രണ്ടാം ഗഡു ലഭിച്ചിട്ടുള്ള ഒരു പ്രോജക്റ്റിന് മൂന്നാം ഗഡുവും ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭിച്ച എല്ലാ പ്രോജക്റ്റുകളും പരിശോധന നടത്തി മൂന്നാം ഗഡുവിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹരിയാലി പദ്ധതിയിൽ സംസ്ഥാനത്ത് 26 പ്രോജക്റ്റുകളാണ് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 26 ഹരിയാലി പ്രോജക്റ്റുകളിൽ 20 പ്രോജക്റ്റുകൾക്ക് രണ്ടാം ഗഡു കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) 28684 ഹെക്ടർ തരിശുഭൂമി വികസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഇ) നീർത്തട വികസന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഗ്രാമവികസന കമ്മീഷണറും നിരന്തരമായി പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പ്രോജക്റ്റുകളുടെ ഇടക്കാല പുരോഗതി അവലോകനം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ മുഖേന ഇടക്കാല അവലോകനവും നടത്തുന്നുണ്ട്.

(എഫ്) ഹരിയാലി പദ്ധതി നടപ്പിലാക്കിയ ആരംഭഘട്ടത്തിൽ നീർത്തടാടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കുന്നതിലെ പരിചയക്കുറവും പദ്ധതി നടത്തിപ്പിൽ പങ്കാളിത്തമുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവവുമാണ് പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിനുള്ള കാരണമായത്. ഇത് പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുകയും, ആവശ്യമായ മാനുവലുകൾ തയ്യാറാക്കി ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പുതിയ വില്ല അക്കോമഡേഷൻ പദ്ധതി

10 (*490) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുരുങ്ങിയ ബഡ്ജറ്റിൽ വിനോദസഞ്ചാരത്തിനായി സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം ഒരുക്കുന്ന പുതിയ വില്ല അക്കോമഡേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്കായി മുതൽമുടക്കുവാൻ മുന്നോട്ടുവരുന്ന ചെറുകിട-ഇടത്തരം ടൂറിസം സംരംഭകർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) സംസ്ഥാനത്ത് ഈ വർഷം എത്ര സംരംഭകർക്ക് ഈ പദ്ധതിയനുസരിച്ച് ടൂറിസംവകുപ്പ് നല്ല അക്കോമഡേഷൻ സൗകര്യം ഒരുക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട് ;

(ഡി) ഈ രംഗത്തെ സേവനദാതാക്കളുടെ മികവ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly